പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 459 — 04.07.2012 ൽ മറുപടിക്ക്

## കേസന്വേഷണങ്ങളിലെ രാഷ്ട്രീയ ഇടപെടലുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം<br>,, പി. കെ. ഗുരുദാസൻ<br>ശ്രീമതി കെ. കെ. ലതിക<br>ശ്രീ. സാജുപോൾ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) ജനങ്ങൾക്ക് സ്വൈര്യജീവിതം ഉറപ്പാക്കുന്നതിനും നിഷ്പക്ഷമായ നീതി നിർവ്വഹണത്തിനുമായി പോലീസ് സേനയെ സജ്ജമാക്കാൻ തയ്യാറാകുമോ; പോലീസ് സേനയെ രാഷ്ട്രീയ താല്പര്യങ്ങൾക്കായി വിനിയോഗിക്കുന്നു എന്ന ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ജനങ്ങൾക്ക് സ്വൈര്യജീവിതം ഉറപ്പാക്കുന്നതിനും നിഷ്പക്ഷമായ നീതി നിർവ്വഹണത്തിനുമായി പോലീസ് സേന സദാ സജ്ജമാണ്. പോലീസ് സേനയെ രാഷ്ട്രീയ താല്പര്യങ്ങൾക്കായി വിനിയോഗിക്കുന്നു എന്നുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) രാഷ്ട്രീയതാല്പര്യങ്ങൾ മുൻനിർത്തി കേസ് അന്വേഷണങ്ങളിൽ മൂന്നാം മുറകളും കള്ളമൊഴി രേഖപ്പെടുത്തലും നടക്കുന്നതായി അറിയാമോ; | (ബി) അത്യാധുനിക ഉപകരണങ്ങളുടെ സഹായത്തോടെയുള്ള ശാസ്ത്രീയമായ കുറ്റാന്വേഷണരീതിയാണ് പോലീസ് സ്വീകരിച്ചു വരുന്നത്. അന്വേഷണങ്ങളിൽ മൂന്നാം മുറകളും കള്ളമൊഴി രേഖപ്പെടുത്തലും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) അന്വേഷണം ആരംഭിക്കുന്ന ഘട്ടത്തിൽതന്നെ സംഭവങ്ങളുടെ ഉത്തരവാദികൾ ആരൊക്കെയാണെന്ന് യാതൊരു തെളിവുകളുടെയും പിൻബലമില്ലാതെ ഭരണാധികാരികൾ പ്രസ്താവന നടത്തുന്നത് കേസ് അന്വേഷണത്തിന്റെ ദിശ നിശ്ചയിക്കുന്നതിന് ഇടയാക്കുമെന്ന കാര്യം പരിഗണിക്കുമോ; | (സി) അന്വേഷണം ആരംഭിക്കുന്ന ഘട്ടത്തിൽതന്നെ സംഭവങ്ങളുടെ ഉത്തരവാദികൾ ആരൊക്കെയാണെന്ന് ഭരണാധികാരികൾ പ്രസ്താവന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

(ഡി) ഭരിക്കുന്നവരുടെ തെറ്റായ രാഷ്ട്രീയ താല്പര്യങ്ങൾക്ക് അനുപൂരകമായി പോലീസ് പ്രവർത്തിക്കാതിരിക്കാനും നിഷ്പക്ഷ പ്രവർത്തനം ഉറപ്പിക്കാനും തയ്യാറാകുമോ ?

(ഡി) പൊതുജനങ്ങളുടെ സുരക്ഷയ്ക്കും, അവർക്ക് നീതി ലഭ്യമാക്കുന്നതിനുമായി നിഷ്പക്ഷമായിട്ടാണ് പോലീസ് പ്രവർത്തിച്ചുവരുന്നത്.

സെക്ഷൻ ഓഫീസർ